**ഉന്നത വിദ്യാഭ്യാസ വകുപ്പമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ വിദ്യാർത്ഥി സംഘടനാപ്രതിനിധികളുമായി 08-06-2021-ന് ചേർന്ന യോഗത്തിന്റെ നടപടി കുറിപ്പ്**

ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പമന്ത്രിയുടെ അധ്യക്ഷതയിൽ വൈകുന്നേരം 4.00 മണിക്ക് യോഗം ആരംഭിച്ചു.

**[യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു]**

യോഗത്തിൽ പങ്കെടുത്ത എല്ലാവരെയും സ്വാഗതം ചെയ്തു കൊണ്ട് സംസ്ഥാനത്തെ കോളേജുകളിലെ പരീക്ഷകൾ യഥാസമയം നടത്തുന്നതിനെ ക്കുറിച്ച് തീരുമാനമെടുക്കാനാണ് ഈ യോഗം വിളിച്ച് ചേർത്തിരിക്കുന്നത് എന്ന് ബഹു. ഉന്നതവിദ്യാഭ്യാസവകുപ്പമന്ത്രി ആമുഖമായി പറഞ്ഞു.

ഈ സർക്കാർ അധികാരത്തിൽ വന്ന ഉടൻ തന്നെ; കൃത്യസമയത്ത് പരീക്ഷകൾ നടക്കാത്തതുമൂലം ഉപരിപഠനത്തിനും, തൊഴിൽ സാധ്യതയ്ക്കുമായി പുറം രാജ്യങ്ങളിൽ പോകാനുള്ള വിദ്യാർത്ഥികളുടെ സാധ്യത മങ്ങിപോകുന്നതായി ആവലാതിപ്പെട്ട് കൊണ്ട് ധാരാളം കുട്ടികൾ ടെലിഫോൺ മുഖേനയും, കത്ത് മുഖേനയും ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പമന്ത്രിക്ക് നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ വൈസ് ചാൻസലർ, അധ്യാപക സംഘടനാ നേതാക്കൾ എന്നിവരുമായി ചേർന്ന് കൂടിയാലോചനകൾ നടത്തുകയും നിർദ്ദേശങ്ങൾ കേൾക്കുകയും ചെയ്തിരുന്നു എന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഈ വർഷത്തെ പരീക്ഷകൾ 2021 ജൂൺ 15-നോടു കൂടി ആരംഭിക്കുവാനും പരീക്ഷാഫലം 2021 ജൂലൈ 31-ന് പ്രഖ്യാപിക്കുവാനും തീരുമാനിച്ചിരുന്നുവെന്നും കോവിഡ് വ്യാപനം രൂക്ഷമായ

സാഹചര്യത്തിലും പിന്നീട് ലോക് ഡൗൺ ജൂൺ 16-വരെ നീട്ടിയ സാഹചര്യത്തിലും പ്രസ്തുത പരീക്ഷകൾ ജൂൺ 28-ലേയ്ക്ക് മാറ്റുകയുണ്ടായി എന്നും ബഹു. ഉന്നതവിദ്യാഭ്യാസവകുപ്പമന്ത്രി വ്യക്തമാക്കി. അപ്രകാരം, പരീക്ഷയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കുട്ടികളുടെ ആശങ്ക ദൂരികരിക്കുന്നതിന് വേണ്ടിയുള്ള പ്രാഥമിക ആലോചന നടത്തുന്നതിനും, തീരുമാനമെടുക്കുന്നതിനും വേണ്ടിയാണ് ഈ യോഗം വിളിച്ച് ചേർത്തിരിക്കുന്നത് എന്ന് ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പമന്ത്രി അറിയിക്കുകയുണ്ടായി. തുടർന്ന് ബഹു. മന്ത്രി വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുടെ അഭിപ്രായം ആരാഞ്ഞു.

വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ താഴെ പറയും പ്രകാരം അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുണ്ടായി.

1. ഓൺ ലൈൻ മുഖാന്തിരം പരീക്ഷ നടത്തുന്നതിന്റെ സാദ്ധ്യത പരിശോധിക്കണം.
2. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരീക്ഷയ്ക്ക് മുമ്പായി പ്രതിരോധ കുത്തിവെയ്പിനുള്ള സൗകര്യങ്ങൾ ഒരുക്കണം.
3. പരീക്ഷാ ദിവസം വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.റ്റിസി മുഖേന ഗതാഗത സൗകര്യം ഒരുക്കണം.
4. അതത് ജില്ലകളിൽ കൂടുതൽ പരീക്ഷ കേന്ദ്രങ്ങൾ അനുവദിക്കണം.
5. പരീക്ഷാനടത്തിപ്പിനു മുമ്പായി എല്ലാവിദ്യാർത്ഥികൾക്കും ഓൺലൈൻ പഠന സൗകര്യത്തിനുള്ള ELECTRONIC DEVICES ലഭ്യമാണെന്ന് ഉറപ്പ് വരുത്തണം.
6. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൽക്ക്ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കാൻ ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുന്നതിനായി സ്റ്റൈപെന്റ് നൽകണം. ഓൺലൈൻ സൗകര്യമില്ലാത്തതിന്റെ പേരിൽ വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുവാനുള്ള അവസരം നഷ്ടപ്പെടരുത്.
7. പരീക്ഷ നടത്തുന്നതിനായി സിലബസ്സ് കുറച്ചുകൊണ്ട് ഫോക്കസ് ഏരിയയ്ക്ക് ഊന്നൽ നൽകി പരീക്ഷ നടത്തണം.

8. കോളേജുകളിൽ സിലബസ് പ്രകാരമുള്ള അധ്യായനം ഇതുവരെ പൂർത്തികരിച്ചിട്ടില്ല. ആയതു കൊണ്ട് EVEN സെമസ്റ്റർ പരീക്ഷ നടത്തുക. ODD സെമസ്റ്റർ നേരത്തെ നൽകിയ INTERNAL MARK ന്റെ അടിസ്ഥാനത്തിൽ NORMALIZE ചെയ്യുക. അപ്രകാരം പരീക്ഷകളുടെ എണ്ണം കുറയ്ക്കുക.

9. എല്ലാ സർവ്വകലാശാലകളിലും സബ് സെന്റർ തുടങ്ങണം.

10. പരീക്ഷാ സമയത്ത് കോവിഡ് ബാധിതരായ വിദ്യാർത്ഥികൾക്ക് രോഗ മുക്തി നേടിയശേഷം ഒരു മാസം കഴിഞ്ഞ് പരീക്ഷ എഴുതുന്നതിനുള്ള ക്രമീകരണം ഉണ്ടാവണം.

11. മൂല്യ നിർണ്ണയം ഉദാരമാക്കണം.

12. കുട്ടികളുടെ ആശങ്ക ഒഴിവാക്കുന്നതിനായി പരീക്ഷയ്ക്കു മുമ്പായി സിലബസിന്റെ ഫോക്കസ് ഏരിയയുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖ പുറപ്പെടുവിക്കണം.

13. പുതിയ അധ്യയന വർഷം ആരംഭിക്കുമ്പോൾ പരീക്ഷാകലണ്ടറിന് രൂപം നൽകുക.

14. വിദ്യാർത്ഥികൾക്ക് എത്ര ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാകുന്നു എന്ന് പരിശോധിക്കണം.

15. എല്ലാ കോളേജുകളിലേയും വിദ്യാർത്ഥികൾക്ക് മോഡറേഷൻ നൽകുന്നതിന് മുമ്പ് അതിന്റെ അർഹത പരിശോധിക്കണം.

16. ക്ലാസ്സുകൾ പൂർത്തീകരിക്കാതെ പരീക്ഷകൾ നടത്തുന്നതു ഒഴിവാക്കേണ്ടതാണ്. പരീക്ഷാഫീസ് ഉൾപ്പെടെയുള്ള എല്ലാ ഫീസുകളും ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കുക.

17. സ്വാശ്രയ കോളേജുകളിൽ ഓൺലൈൻ ക്ലാസിന് ഫീസ് അടക്കാത്ത കുട്ടികളെ ഓൺലൈൻ ക്ലാസ്സിൽ നിന്ന് പുറത്താക്കുന്ന പ്രവണത കണ്ടുവരുന്നു. ഇതിനെതിരെ സർക്കാർ നടപടി സ്വീകരിക്കുക.

വിദ്യാർത്ഥി സംഘടനാനേതാക്കളുമായി സംവദിച്ച ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ ബഹു. ഉന്നതവിദ്യാഭ്യാസവകുപ്പ്മന്ത്രി യോഗത്തെ അറിയിക്കുകയുണ്ടായി.

മഹാമാരിയുടെ ഇക്കാലത്ത് ഒരു പ്രത്യേക അവസ്ഥയിലാണ് നമ്മുടെ അക്കാദമിക അന്തരീക്ഷം കടന്നു പോകുന്നത്. വിദ്യാർത്ഥികളുടെ പരീക്ഷകൾ നടത്തുന്നതിന് ഇനിയും കാലവിളംബം നേരിട്ടാൽ അത് വിദ്യാർത്ഥികളുടെ ഉപരിപഠന സാധ്യത, ജോലി സാധ്യത എന്നിവയെ ബാധിക്കും. അതുകൊണ്ട്, ഗതാഗതം പുനഃസ്ഥാപിക്കുന്നതോടെ എല്ലാ പരീക്ഷകളും ഭാംഗിയായി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട് കൂടാതെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വിട്ടുകൊടുത്ത ഹോസ്റ്റൽ/കോളേജുകൾ എന്നിവ പരീക്ഷ പ്രോട്ടോക്കോൾ അനുസരിച്ച് നൽകണമെന്ന് ആരോഗ്യ വകുപ്പുകൾ ഉൾപ്പെടെയുള്ള ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. അപ്രകാരം 28.06.2021-ൽ off line ആയി പരീക്ഷ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട് എന്നും ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു.

യോഗം 5.00PM -ന് അവസാനിച്ചു.

**യോഗത്തിൽ പങ്കെടുത്തവർ**

1. ശ്രീ. കബീർ, സ്റ്റേറ്റ് പ്രസിഡന്റ്, എ.ഐ.എസ്.എഫ്
2. ശ്രീ. എം. എം. ഷാജി, എ.ബി.വി.പി, സ്റ്റേറ്റ് സെക്രട്ടറി
3. ശ്രീ. പി. കെ. പ്രബാഷ്, സ്റ്റേറ്റ് സെക്രട്ടറി, എ.ഐ.ഡി.എസ്.ഒ
4. ശ്രീ. ആദർശ്, സ്റ്റേറ്റ് വൈസ് പ്രസിഡന്റ്, എസ്. എഫ്. ഐ
5. ശ്രീ. വിനീഷ്, സ്റ്റേറ്റ് പ്രസിഡന്റ്, എസ്.എഫ്.ഐ
6. ശ്രീ. ആദർശ്, സെക്രട്ടറി, കെ.എസ്.യു
7. ശ്രീ. അഭിജിത്ത്, പ്രസിഡന്റ്, കെ.എസ്.യു